Draft #2 of File 35008/AC B7/1/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 07-Nov-2019 01:16 PM - Page 1

15 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

<u>**സംഗ്രഹം**</u>

മരിയൻ കോളേജ്, കുട്ടിക്കാനം (സ്വയംഭരണം) - കോളേജിൽ സർവ്വകലാശാലയുടെ അനുമതിയില്ലാതെ 2017 അധ്യയന വർഷം MA Communication & Media Studies എന്ന പ്രോഗ്രാമും, M.Com, B.Com എന്നിവയുടെ അധിക ബാച്ചുകളും ആരംഭിച്ചത് സംബന്ധിച്ച് - കോളേജ് സമർപ്പിക്കുന്ന 5 ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ ടി പ്രോഗ്രാമുകളിൽ വിജയിച്ച വിദ്യാർത്ഥികളുടെ സാക്ഷ്യപത്രങ്ങൾ വിതരണം ചെയ്യുവാൻ അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 5489/AC B 7/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 07.11.2019

പരാമർശം:-1) മരിയൻ കോളേജ് പ്രിൻസിപ്പലിന്റെ 06/08/2019-ലെ MCK(A) New Programme/2017 നമ്പർ കത്ത്.
2) 17/08/2019-ലെ സിൻഡിക്കേറ്റ് യോഗം മിനിറ്റ്സ് ഇനം നം 42/18.08/186127
3) 18/10/2019-ലെ 3157/എസിബി 7/1/2019 നമ്പർ സർവ്വകലാശാല ഉത്തരവ്.

<u>**ഉത്തരവ്**</u>

കുട്ടിക്കാനം മരിയൻ കോളേജിൽ സർവ്വകലാശാലയുടെ അനുമതിയില്ലാതെ 2017 അധ്യയന വർഷം MA Communication & Media Studies എന്ന പ്രോഗ്രാമും, M.Com, B.Com എന്നീ പ്രോഗ്രാമുകളുടെ അധിക ബാച്ചുകളും ആരംഭിച്ചിരുന്നു. പുതിയ പ്രോഗ്രാമുകൾ തുടങ്ങുവാനുള്ള അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനകം സർവ്വകലാശാല ടി അപേക്ഷ നിരസിച്ചതായി കാണിച്ച് കോളേജിന് അറിയിപ്പ് നൽകാത്തതിനാൽ അവസ്ഥ് ഡീമിങ് അപ്പ്രൂവൽ പദവി ലഭിച്ചതായി കണക്കാക്കി ടി പ്രോഗ്രാമുകൾ ആരംഭിക്കുകയാണുണ്ടായതെന്ന് പ്രിൻസിപ്പൽ കത്ത് മുഖേന സർവ്വകലാശാലയെ അറിയിച്ചിരുന്നു.

എന്നാൽ സർവ്വകലാശാലയുടെ അനുമതിയില്ലാതെ പുതിയ പ്രോഗ്രാമുകളും, ബാച്ചുകളും തുടങ്ങരുത് എന്ന് സർവ്വകലാശാല കോളേജിനെ രേഖാമൂലം അറിയിക്കുകയുണ്ടായി. ഡീമിങ് അപ്പ്രൂവൽ ലഭിച്ചതായി കണക്കാക്കി മരിയൻ കോളേജ് ടി പ്രോഗ്രാമുകൾ ആരംഭിക്കുകയും സർവ്വകലാശാലയുടെ നിലപാടിനെതിരെ കോടതിയിൽ WP(c) 20279/2017 നമ്പർ ഹർജി ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ഈ കേസിൽ വിധി പുറപ്പെടുവിച്ചിട്ടില്ല. അനുമതിയില്ലാതെ തുടങ്ങിയ പുതിയ പ്രോഗ്രാമിലെയും, അധിക ബാച്ചുകളിലെയും വിദ്യാർത്ഥികൾ ഇപ്പോൾ പഠനം പൂർത്തിയാക്കിയിരിക്കുന്നതിനാൽ അവർക്ക് ഡിഗ്രി സാക്ഷ്യപത്രങ്ങൾ വിതരണം ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം-1 പ്രകാരം പ്രിൻസിപ്പൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ പരിഗണിച്ച പരാമർശം-2 പ്രകാരമുള്ള സിൻഡിക്കേറ്റ് യോഗം വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ.ആർ.പ്രഗാഷ് എന്നീ സിൻഡിക്കേറ്റ് അംഗങ്ങളെ ചുമതലപ്പെടുത്തിയിരുന്നു. ഈ അന്വേഷണ കമ്മീഷൻ വിഷയം വിശദമായി പഠിക്കുകയും, ടി പ്രോഗ്രാമുകളിലെ വിദ്യാർത്ഥികളുടെ പഠനം പൂർത്തിയായതിനാലും, കോളേജിന്റെ ഭാഗത്ത് നിന്നുണ്ടായ തെറ്റിന് വിദ്യാർത്ഥികൾ ശിക്ഷിക്കപ്പെടാൻ പാടില്ല എന്ന നിഗമനത്തിലും കോളേജിന് മേൽ 5 ലക്ഷം രൂപ പിഴ ചുമത്തി ടി പ്രോഗ്രാമുകളിലെ പ്രവേശനം ക്രമവൽക്കരിച്ച് നൽകുന്നതിന് ശിപാർശ ചെയ്യുത് സിൻഡിക്കേറ്റ് അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം-3 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഈ തീരുമാനത്തിനെതിരെ കോളേജ് ബഹു.ഹൈക്കോടതിയിൽ WP (c) 28164/2019 നമ്പർ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ടി ഹർജിയിൽ വിധി പുറപ്പെടുവിച്ചിട്ടില്ല.

എന്നാൽ 10/10/2019-ൽ ടി കോളേജ് പ്രിൻസിപ്പൽ ബഹു.വൈസ് ചാൻസലർക്ക് നൽകിയ അപേക്ഷയിൽ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ ഉടനെ വിതരണം ചെയ്യണം എന്ന് അഭ്യർത്ഥിക്കുകയും, അതിനായി സർവ്വകലാശാല എടുക്കുന്ന തീരുമാനം കോടതി വിധിക്ക് വിധേയമായി അംഗീകരിക്കാമെന്ന് അറിയിക്കുകയും ചെയ്തിരിന്നു. ഈ വിഷയം പരിഗണിച്ച ബഹു.വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 3 വകുപ്പ് 10 (17) പ്രകാരം 5 ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റി കോളേജിൽ നിന്നും സമർപ്പിക്കുന്ന മുറയ്ക്ക്, അത് സ്വീകരിച്ചുകൊണ്ട് അനുമതിയില്ലാതെ തുടങ്ങിയ പ്രോഗ്രമിലെയും, അധിക ബാച്ചുകളിലെയും വിജയിച്ച വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രങ്ങൾ വിതരണം ചെയുവാൻ അനുമതി നൽകി ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ബൈജു എൻ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. പ്രിൻസിപ്പൽ മരിയൻ കോളേജ് , കുട്ടിക്കാനം
4. മെമ്പർ സെക്രട്ടറി & പ്രിൻസിപ്പൽ സെക്രട്ടറി , ഓട്ടോണോമി അപ്പ്രൂവൽ കമ്മിറ്റി
5. ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം),
6. ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
7. അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
8. ഏസി.സി. സെക്ഷൻ/പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യു.എ.സി./ലീഗൽ സെക്ഷൻ
9. ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ /ഇ.ഐ.39സെക്ഷൻ
10. സ്റ്റോക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

Draft #2 of File 35008/AC B7/1/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 07-Nov-2019 01:16 PM - Page 2